(ബി) എങ്കിൽ മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) മയക്കുമരുന്ന് വ്യാപാരവും ഉപയോഗവും തടയുന്നതിന് റെയ്ഡുകളും മറ്റും നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോഴിക്കോടു സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ ഒരു ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ നാർക്കോട്ടിക്സെല്ലും പ്രവർത്തിച്ചു വരുന്നു.

ക്രീമിലെയർ

(89) ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയർ സംബന്ധിച്ച സുപ്രീംകോടതിയിലുള്ള കേസ്സിന്റെ പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ക്രീമിലെയർ സംബന്ധിച്ച് സർക്കാർ നിലപാടെന്താണെന്ന് വെളിപ്പെടുത്താൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) സുപ്രീംകോടതി നിയമിച്ച ഹൈലെവൽ കമ്മിറ്റിയുടെ റിപ്പോർട്ടിൻമേലുള്ള വാദം 7.10.1999-ൽ പൂർത്തിയായി. വിധി പറയാനായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) 1995-ലെ സംസ്ഥാന പിന്നോക്കവിഭാഗങ്ങൾ (സംസ്ഥാന സർവ്വീസിലെ നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ) ആക്ടിന്റെ നിയമസാധുതയെ അനുകൂലിച്ചുള്ള വാദമുഖങ്ങൾ ഉൾക്കൊള്ളുന്ന കുറിപ്പ് സ്റ്റാൻഡിംഗ് കൗൺസിലിന് അയച്ചുകൊടുത്തിട്ടുണ്ട്.

ഫോറൻസിക് ലാബ് നിർമ്മാണം.

(90) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ ഫോറൻസിക് ലാബ് തുടങ്ങുന്നതിന് എന്തു തുക ബഡ്ജറ്റിൽ നീക്കി വച്ചിരുന്നു;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(സി) ലാബ് പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്നേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly